# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 53

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്*

കർത്താവിൽ പ്രിയരെ,

വർദ്ധിച്ചു വരുന്ന ജീവിത ചെലവ് മനസ്സിലാക്കി നമ്മുടെ പട്ടക്കാരുടെ ശമ്പളം പരിഷ്കരിക്കുന്ന കാര്യം എപ്പിസ്ക്കോപ്പൽ സിനഡ് ആലോചിച്ചു. ആറു വർഷത്തിന് ശേഷമാണ് പട്ടക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത്. ഇതിലേക്കാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് ഒരു കമ്മറ്റിയെ നിയോഗിച്ചു. കമ്മറ്റിയുടെ ശുപാർശകളും നിർദ്ദേശങ്ങളും 2022 ഏപ്രിൽ മാസം 19–ാം തീയതി കൂടിയ എപ്പിസ്കോപ്പൽ സിനഡ് പരിഗണിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു;

1. പട്ടക്കാരുടെ ശമ്പളം 2022 മെയ് ഒന്നാം തീയതി മുതൽ താഴെക്കാണും വിധം നിശ്ചയിച്ചിരിക്കുന്നു.

   **ശമ്പള സ്കെയിൽ: 17000 – 375 – 20750 – 425 – 25000 – 500 – 30000 – 600 – 35400**

   ഇതിൻ പ്രകാരം ഓരോ പട്ടക്കാർക്കും ലഭിക്കേണ്ട പുതുക്കിയ ശമ്പളം ഫിക്സ് ചെയ്ത് ഓരോ ഇടവകയുടെയും / സ്ഥാപനത്തിന്റെയും വിഹിതം ഭദ്രാസന എപ്പിസ്ക്കോപ്പാ അറിയിക്കുന്നതാണ്.
2. നിലവിലുള്ള ശമ്പള സ്കെയിൽ അനുസരിച്ച് 01.04.2022 ലെ ഇൻക്രിമെന്റ് ചേർത്ത് അടിസ്ഥാന ശമ്പളവും അർഹമായ ഇതര അലവൻസുകളും പട്ടക്കാർക്ക് നൽകണം. 01.05.2022–ൽ പുതിയ ശമ്പള സ്കെയിൽ നിലവിൽ വരുമ്പോൾ 01.04.2022–ലെ അടിസ്ഥാന ശമ്പളത്തിന് തത്തുല്യമായ പുതിയ അടിസ്ഥാന ശമ്പളം **Annexure-**ആയി ഇതോടൊപ്പം നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച ഓരോ വർഷത്തിനും തത്തുല്യമായ വെയിറ്റേജ് നൽകിയാണ് ഫിക്സേഷൻ ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്.
3. 01.05.2022–ൽ അടിസ്ഥാന ശമ്പളം പുതിയ ശമ്പള സ്കെയിലിൽ ഫിക്സ് ചെയ്തതിനു ശേഷമുള്ള ആദ്യ ഇൻക്രിമെന്റ് 2023 ഏപ്രിൽ മാസത്തിലായിരിക്കും. 2023 ഏപ്രിൽ മാസത്തിൽ കുറഞ്ഞത് ആറു മാസം സർവ്വീസ് ഉള്ളവർക്ക് ആദ്യത്തെ ഇൻക്രിമെന്റ് ലഭിക്കും.
4. ബസ്ക്കിയോമോമാർക്ക് വേതനം ലഭിക്കുന്ന ജോലി ഇല്ലാത്തപക്ഷം പട്ടക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം കൂടി ഫാമിലി അലവൻസായി നൽകണം. വേതനം ലഭിക്കുന്ന ജോലിയുള്ള ബസ്ക്കിയോമോമാർ പെൻഷൻ പറ്റിയാലും താത്കാലിക അവധിയായിരുന്നാലും ഫാമിലി അലവൻസിനു അർഹത ഉണ്ടായിരിക്കുകയില്ല.
5. ബസ്ക്കിയോമോമാർ മരിച്ചു പോയ സജീവ സേവനത്തിലുള്ള അച്ചന്മാർക്കു മക്കളുടെ വിദ്യാഭ്യാസത്തിനും മറ്റും ആവശ്യമുള്ളതിനാൽ, ഇളയകുട്ടിക്ക് ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാകുന്നതുവരെ അടിസ്ഥാന ശമ്പളത്തിന്റെ 25% സ്പെഷ്യൽ അലവൻസായി നൽകുന്നതാണ്. കുടുംബ പെൻഷൻ ലഭിക്കുന്ന അച്ചന്മാർ ഇതിനർഹരല്ല.
6. മേൽപറഞ്ഞ അലവൻസുകളോടൊപ്പം മറ്റ് അർഹമായ അലവൻസുകളെ സംബന്ധിച്ച് ഭദ്രാസന എപ്പിസ്കോപ്പാമാർ വേണ്ട നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ഇടവകകളെ അറിയിക്കേണ്ടതാണ്. ഭദ്രാസന ഓഫീസുകൾ ഇവ സംബന്ധിച്ച വിവരങ്ങൾ പട്ടക്കാരുടെ സർവീസ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതും ഭദ്രാസന ഓഫീസുകൾക്കായി സഭാ ഓഫീസ് ക്രമീകരിച്ചിരിക്കുന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മൊഡ്യൂളിൽ ഈ വിവരങ്ങൾ ചേർത്തിരിക്കേണ്ടതുമാണ്.
7. പെൻഷന് അർഹരായ പട്ടക്കാരുടെ പെൻഷൻ തുക താഴെപ്പറയും പ്രകാരം 2022 മെയ് 1 മുതൽ വർദ്ധിപ്പിച്ചിരിക്കുന്നു.

| | | |
|---|---|---|
| a. | 29 വർഷം വരെ സർവ്വീസ് പൂർത്തീകരിച്ചവർക്ക് | 10,000 രൂപാ |
| b. | 30 മുതൽ 34 വർഷം വരെ സർവ്വീസ് പൂർത്തീകരിച്ചവർക്ക് | 12,000 രൂപാ |
| c. | 35 വർഷത്തിനു മുകളിൽ സർവ്വീസ് പൂർത്തീകരിച്ചവർക്ക് | 15,000 രൂപാ |

8. ഫാമിലി പെൻഷന് അർഹതയുള്ള ബസ്ക്കിയോമോമാരുടെ പെൻഷൻ തുക 2022 മെയ് 1 മുതൽ 7,500 രൂപാ ആയിരിക്കുന്നതാണ്. പട്ടക്കാരന്റെ സജീവ സേവന കാലയളവിൽ വൈധവ്യത്തിലായ ബസ്ക്കിയോമോയ്ക്കു, നിര്യാണ സമയത്ത് പട്ടക്കാരന് ലഭിച്ചു കൊണ്ടിരുന്ന ഫാമിലി അലവൻസ് (പുതുക്കിയ സ്കെയിലിൽ) ഫാമിലി പെൻഷനായി ലഭിക്കുന്നതാണ്. നിര്യാതനായ പട്ടക്കാരന്റെ റിട്ടയർമെന്റ് തീയതി മുതൽ ഫാമിലി പെൻഷൻ തുക 7,500 രൂപയായി മാറുന്നതാണ്.
9. അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം (ഇടവകയുടെ/ സ്ഥാപനത്തിന്റെ വിഹിതം 10% + പട്ടക്കാരുടെ വിഹിതം 10%) പ്രൊവിഡന്റ് ഫണ്ടും, 15 ശതമാനം പെൻഷൻ ഫണ്ട് വിഹിതവും മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും ക്രമമായി സഭാ ഓഫീസിൽ അടയ്ക്കുവാൻ ഇടവക/ സ്ഥാപന ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം. അടിസ്ഥാന ശമ്പളത്തിന്റ 8% (ഇടവകയുടെ/ സ്ഥാപനത്തിന്റെ വിഹിതം 4% + പട്ടക്കാരുടെ വിഹിതം 4%) പട്ടക്കാരുടെ മെഡിക്കൽ എയ്ഡ് സ്കീമിൽ സബ്സ്ക്രിപ്ഷനായി എല്ലാ മാസത്തിന്റെയും അവസാന തീയതിക്കു മുൻപായി അടച്ചിരിക്കേണ്ടതാണ്. സാലറി അഡ്ജസ്റ്റ്മെന്റ് ഫണ്ടിൽ നിന്നും ശമ്പളം ലഭിക്കുന്ന പട്ടക്കാരും, ശമ്പളം നൽകുന്ന ഭദ്രാസനങ്ങളും ഇത് ശ്രദ്ധിക്കേണ്ടതാണ്.
10. നമ്മുടെ പട്ടക്കാരുടെ ശമ്പളം വീഴ്ച്ച കൂടാതെ നൽകുന്നതിന് സാധിക്കത്തക്കവണ്ണം ഇടവക സന്ധാരണത്തിനുള്ള വാഗ്ദാന തുകകൾ വർദ്ധിപ്പിച്ചും ഇടവക ബഡ്ജറ്റിൽ ഈ വർദ്ധനവ് അനുസരിച്ച് ശമ്പളത്തുക വക കൊള്ളിച്ചും ഇടവക ജനങ്ങൾ ഉചിതമായ തീരുമാനം കൈക്കൊള്ളണം.
11. ഇടവകതലത്തിൽ പട്ടക്കാരുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി തീരുന്നതിന് താഴെ പറയുന്നവ പാലിക്കണമെന്ന് അനുസ്മരിപ്പിക്കുന്നു.
    1. പട്ടക്കാർ സേവനം ചെയ്യുന്ന ഇടവകാതിർത്തിയിൽ താമസിച്ച് ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.
    2. പട്ടക്കാർക്ക് ഇടവക നൽകുന്ന താമസ സൗകര്യം ഉപയോഗിക്കാതെ സ്വഭവനത്തിലോ മറ്റോ താമസിച്ച് സേവനം ചെയ്യുന്നവർക്ക് കുടുംബ അലവൻസ് ഉൾപ്പെടെയുള്ള പൂർണ്ണ ശമ്പളം അവകാശപ്പെടാവുന്നതല്ല.
    3. വിവാഹിതരായ പട്ടക്കാർ കുടുംബസമേതം ഇടവകയിൽ താമസിച്ച് പ്രവർത്തിക്കണം. കുടുംബത്തെ കൂടാതെ താമസിക്കുന്നവർക്ക് ഫാമിലി അലവൻസ് അവകാശപ്പെടാവുന്നതല്ല.

ആദായ നികുതിയുടെ പരിധിയിൽ വരുന്ന പട്ടക്കാരുടെ നികുതി, ആദായ നികുതി വ്യവസ്ഥകൾക്ക് വിധേയമായി ശമ്പളത്തിൽ നിന്നും കുറവുചെയ്തു (TDS) ആദായ നികുതി വകുപ്പിൽ അടയ്ക്കാൻ ഇടവക /സ്ഥാപന ചുമതലക്കാർ ബാദ്ധ്യസ്ഥരാണ്. ഇതിന് വീഴ്ച വരുത്തിയാൽ ഇടവക ചുമതലക്കാർ ആയതിന് ഉത്തരവാദികളായിരിക്കും.

നമ്മെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ പട്ടക്കാരെ നാം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നത് ദൈവമക്കളുടെ സ്വഭാവമാണല്ലോ. നമ്മുടെ പട്ടക്കാർ സന്തോഷത്തോടെ ശുശ്രൂഷ ചെയ്യുന്നതിനു എല്ലാ സഹായങ്ങളും തുടർന്നും ചെയ്യണം. ഇടവക ജനങ്ങളും അച്ചന്മാരും ഒത്തൊരുമിച്ച് ക്രിസ്തീയ സാക്ഷ്യം അനുസ്യൂതം തുടർന്നു സഭയുടെ കെട്ടുപണിയും സുവിശേഷത്തിന്റെ വ്യാപനവും സാദ്ധ്യമാക്കുവാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 ഏപ്രിൽ 26–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

| Annexure - Fixation Chart | |
|---|---|
| **Existing Basic Salary as on 01.04.2022** | **Existing Basic Salary as on 01.05.2022** |
| 12,000 | 17,000 |
| 12,200 | 17,375 |
| 12,400 | 17,750 |
| 12,600 | 18,125 |
| 12,800 | 18,500 |
| 13,000 | 18,875 |
| 13,200 | 19,250 |
| 13,400 | 19,625 |
| 13,600 | 20,000 |
| 13,800 | 20,375 |
| 14,000 | 20,750 |
| 14,250 | 21,175 |
| 14,500 | 21,600 |
| 14,750 | 22,025 |
| 15,000 | 22,450 |
| 15,250 | 22,875 |
| 15,500 | 23,300 |
| 15,750 | 23,725 |
| 16,000 | 24,150 |
| 16,250 | 24,575 |
| 16,500 | 25,000 |
| 16,825 | 25,500 |
| 17,150 | 26,000 |
| 17,475 | 26,500 |
| 17,800 | 27,000 |
| 18,125 | 27,500 |
| 18,450 | 28,000 |
| 18,775 | 28,500 |
| 19,100 | 29,000 |
| 19,425 | 29,500 |
| 19,750 | 30,000 |
| 20,175 | 30,600 |
| 20,600 | 31,200 |
| 21,025 | 31,800 |
| 21,450 | 32,400 |
| 21,875 | 33,000 |
| 22,300 | 33,600 |
| 22,725 | 34,200 |
| 23,150 | 34,800 |
| 23,575 | 35,400 |

**FROM THE APOSTOLIC SEE OF**
**MALANKARA METROPOLITAN DR. THEODOSIUS MAR THOMA**

**Circular No : 53**

*Blessings of our Lord Jesus Christ be with the Vicars, the Clergy, the Office-Bearers and the believers in our Parishes under our authority.*

Beloved in Christ,

The Episcopal Synod, taking into account the increasing cost of living, has considered revising the salary of our Achens. The salary of the Achens is revised after 6 years. A Committee was appointed to bring forward the necessary recommendations in this regard. Having obtained their suggestions and recommendations, the Episcopal Synod that met on 19th of April 2022 took the following decisions;

1. The salary of Achens is fixed as follows with effect from 1st May 2022

   **Salary Scale: 17000 – 375 – 20750 – 425 – 25000 – 500 – 30000 – 600 – 35400**

   Accordingly the Diocesan Episcopas will fix the revised salary for each Achen and inform the respective parish / institution of their share.
2. The Achens shall be given the due allowances and basic pay after adding the due increment as on 01.04.2022 as per the current scale. The revised salary as on 01.05.2022 which is fixed concurrent to the Basic Salary as on 01.04.2022 is given as **Annexure –** Fixation Chart for ready reckoning. The fixation chart is prepared by giving weightage for every completed years of service.
3. The first increment in the new salary scale will be due in April 2023. An Achen with a minimum of six months' service as on 01.04.2023 will be eligible for the first increment.
4. Fifty percent of the basic pay must be paid as Family Allowance to achens whose Baskiyamos have no salaried jobs. Baskiyamos with salaried jobs will not qualify for allowance even if they are on pension or on temporary leave.
5. In the case of widowed Achens who are in active service, since they have to meet expenses such as for children’s education, 25% of the basic pay will be paid as family allowance till the youngest child attains the age of 21. Achens who receive family pension will not be eligible for such allowance.
6. The Diocesan Episcopas shall inform the required directions to the parish/ institution regarding the above said allowances and other allowable allowances from time to time. The diocesan offices shall enter the details regarding the same in the service book of the Achens and in the online software module designed for Diocesan Offices by the Sabha Office.
7. The pension amounts of Achens eligible for pension are revised w.e.f. 1st May 2022.
   a. Pension to a Clergy who has completed 29 years of service: - ₹ 10,000/-
   b. Pension to a Clergy who has completed 30 to 34 years of service: - ₹ 12,000/-
   c. Pension to a Clergy who has completed 35 years of service and more:- ₹ 15,000/-

8. The family pension of Baskiyamos who are eligible is ₹ 7,500 w.e.f. 01.05.2022. Baskiyamo who is widowed during the active service period of a clergy, will continue to get the family allowance (in the revised scale) drawn by the clergy at the time of demise as family pension. From the date of retirement of the demised clergy, the family pension amount will become ₹ 7,500.

9. The parish/institution officials must see that provident fund at the rate of 20% (Parish/Institution contribution - 10% + Clergy subscription - 10%) of the basic salary and the share of pension fund at the rate of 15% are promptly remitted to the Sabha Office at least once every three months. The 8% of Basic Salary (Parish/Institution contribution - 4% + Clergy subscription - 4%) should be remitted as subscription for Clergy Medical Aid Scheme before the end of every month. The Achens and Dioceses who are receiving and disbursing salary from Salary Adjustment fund shall specifically make note of this.

10. Parishes should take appropriate decisions to accommodate the increase in salary in the parish budget. Monthly contribution of members should be revised to meet the new expenditure.

11. It is reminded that the following directions shall be followed so that the services of our Achens at the parish level be more effective and fruitful.

    a. Achens should carry out their responsibilities living within the limits of their parishes.
    b. Achens who do not avail themselves of the residential facilities provided by the parish and work living in their own houses or other will not be eligible for their full salary with family allowance.
    c. Married Achens must live within their Parishes with their families. Those who stay in the Parish without their families are not entitled to claim family allowance.

The office-bearers of parishes / institutions are responsible for deducting Income Tax (TDS) from the salary of achens who fall within taxable income limits and remitting the same to the Income Tax Department according to the rules of Income Tax Act. Office bearers of the parish shall be held responsible in case of default.

It is natural for the children of God to love and care for the Achens who minister to them by caring for and loving them. We should continue to give all help to enable our Achens to carry on their ministry with joy. May God help all of us to work for the building up of the Church and the spread of the Gospel through the joint efforts of the people and the Achens. Let us to continue in bearing our Christian witness.

Grace be with you all.

Dated 26th April 2022 from the Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

# Annexure - Fixation Chart

| Existing Basic Salary as on 01.04.2022 | Existing Basic Salary as on 01.05.2022 |
|---|---|
| 12,000 | 17,000 |
| 12,200 | 17,375 |
| 12,400 | 17,750 |
| 12,600 | 18,125 |
| 12,800 | 18,500 |
| 13,000 | 18,875 |
| 13,200 | 19,250 |
| 13,400 | 19,625 |
| 13,600 | 20,000 |
| 13,800 | 20,375 |
| 14,000 | 20,750 |
| 14,250 | 21,175 |
| 14,500 | 21,600 |
| 14,750 | 22,025 |
| 15,000 | 22,450 |
| 15,250 | 22,875 |
| 15,500 | 23,300 |
| 15,750 | 23,725 |
| 16,000 | 24,150 |
| 16,250 | 24,575 |
| 16,500 | 25,000 |
| 16,825 | 25,500 |
| 17,150 | 26,000 |
| 17,475 | 26,500 |
| 17,800 | 27,000 |
| 18,125 | 27,500 |
| 18,450 | 28,000 |
| 18,775 | 28,500 |
| 19,100 | 29,000 |
| 19,425 | 29,500 |
| 19,750 | 30,000 |
| 20,175 | 30,600 |
| 20,600 | 31,200 |
| 21,025 | 31,800 |
| 21,450 | 32,400 |
| 21,875 | 33,000 |
| 22,300 | 33,600 |
| 22,725 | 34,200 |
| 23,150 | 34,800 |
| 23,575 | 35,400 |